സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 147 2024 സെപ്തംബർ 24 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഇടിച്ചിട്ട സ്കൂട്ടറുമായി ലോറി പാഞ്ഞത് 8 കിലോമീറ്റർ; ഡ്രൈവർ ഇറങ്ങിയോടി

കോട്ടയം: അപകടത്തെ തുടർന്ന് അടിയിൽ അകപ്പെട്ട സ്കൂട്ടറുമായി ലോറി ഓടിയത് എട്ട് കിലോമീറ്റർ. പാലാ ബൈപ്പാസിൽ ചൊവ്വാഴ്ച രാവിലെ ആയിരുന്നു സംഭവം. അപകടത്തിൽ ഗുരുതരമായി പരുക്കേറ്റ മേവട സ്വദേശികളായ അലൻ കുര്യൻ (26) നോബി (25) എന്നിവരെ ചേർപ്പുങ്കലിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. റോഡരികിൽ സ്കൂട്ടർ നിർത്തി സംസാരിച്ചുകൊണ്ടിരുന്ന യുവാക്കൾക്കുനേരെ ലോറി ഇടിച്ചുകയറുകയായിരുന്നു. അടിയിൽ കുടുങ്ങിയ സ്കൂട്ടറുമായി നിർത്താതെ പോയ ലോറി മരങ്ങാട്ടുപള്ളിയ്ക്ക് സമീപം വൈദ്യുതി തൂണിൽ ഇടിച്ച് നിർത്തുകയായിരുന്നു.

സിദ്ദിഖിന് തിരിച്ചടി; ലൈംഗിക അതിക്രമ കേസിൽ മുൻകൂർ ജാമ്യമില്ല

അറസ്റ്റ് ഉടൻ ഉണ്ടായേക്കും

കൊച്ചി: ലൈംഗികാതിക്രമ കേസിൽ നടൻ സിദ്ദിഖിന്റെ മുൻകൂർ ജാമ്യഹർജി ഹൈക്കോടതി തള്ളി. ജസ്റ്റിസ് സി.എസ്. ഡയസ് അധ്യക്ഷനായ സിംഗിൾ ബെഞ്ചിന്റേതാണ് ഉത്തരവ്. ഇതോടെ കേസിൽ അറസ്റ്റ് ഉടൻ ഉണ്ടായേക്കുമെന്നാണ് വിവരം. മുൻകൂർ ജാമ്യാപേക്ഷയിൽ കോടതി നേരത്തെ വാദം കേട്ടിരുന്നെങ്കിലും വിധി പറയുന്നത് മാറ്റിവെക്കുകയായിരുന്നു.

നേരത്തെ സമാന ആരോപണങ്ങൾ നേരിട്ട ഹർജിക്കാർക്ക് ഹൈക്കോടതി നേരത്തേ ജാമ്യം അനുവദിച്ചിരുന്നു.

പരാതിക്കാരിയായ യുവനടി, സിദ്ദിഖിനെതിരേ ബലാത്സംഗ ആരോപണം മുൻപ് ഉന്നയിച്ചിട്ടില്ലെന്നും പരാതി അടിസ്ഥാനമില്ലാത്തതാണെന്നും ഹർജിക്കാരനായി ഹാജരായ മുതിർന്ന അഭിഭാഷകൻ ബി. രാമൻപിള്ള വാദിച്ചു. 2012-ലാണ് സംഭവം നടന്നുവെന്ന് ആരോപിക്കുന്നത്. സൂക്ഷ്മമായി തയാറാക്കിയ കഥയാണ് പരാതിക്കാരി ഉയർത്തിയതെന്നാണ് സിദ്ദീഖിന്റെ ആരോപണം.

എന്നാൽ, പല വസ്തുതകളും സിദ്ദിഖ് മറച്ചുവെക്കുകയാണെന്നും ഇരുവരും മസ്ക്കറ്റ് ഹോട്ടലിൽ എത്തിയതിന് തെളിവുണ്ടെന്നും സർക്കാരിനായി ഹാജരായ അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ പി. നാരായണൻ കോടതിയിൽ വാദം ഉന്നയിച്ചിരുന്നു. സിനിമയുടെ സ്ക്രീനിംഗുമായി ബന്ധപ്പെട്ട തെളിവുകളും ഇരുവരും സംഭവ ദിവസം മസ്കറ്റ് ഹോട്ടലിൽ എത്തിയതിന്റേയും തെളിവുകൾ അന്വേഷണ സംഘത്തിന് ലഭിച്ചിരുന്നു. സാഹചര്യ തെളിവുകൾ സിദ്ദീഖിന് എതിരായിരുന്നു.

സിനിമയിൽ അവസരം വാഗ്ദാനം ചെയ്ത് മസ്കറ്റ് ഹോട്ടലിലെത്തിച്ച് യുവ നടിയെ പീഡിപ്പിച്ചുവെന്നാണ് പരാതി. 376-ാം വകുപ്പ് ചുമത്തി മ്യൂസിയം പോലീസാണ് കേസ് രജിസ്റ്റർ ചെയ്തത്. പിന്നീട് കേസ് അന്വേഷണ സംഘത്തിന് കൈമാറുകയായിരുന്നു. യുവ നടിയുടെ രഹസ്യമൊഴി അന്വേഷണ സംഘം രേഖപ്പെടുത്തിയിരുന്നു.

കേസ് കോടതിയിലെത്തിയപ്പോൾ സിദ്ദിഖ് ഉന്നയിച്ച പ്രധാന ആരോപണം പരാതിക്കാരി പരാതി ഉന്നയിക്കാൻ കാലതാമസമുണ്ടായി എന്നതാണ്. എന്നാൽ പരാതിയിൽ കാലതാമസം ഉണ്ടായി എന്നതുകൊണ്ട് കേസിന്റെ ഗൗരവം ഇല്ലാതാകുന്നില്ല. കൂടാതെ ഇതിൽ നിയമ നടപടികൾക്കും തടസമില്ലെന്ന് നേരത്തെ സുപ്രീംകോടതി വ്യക്തമാക്കിയിട്ടുള്ള കാര്യമാണെന്ന് വ്യക്തമാക്കി കൊണ്ടാണ് കോടതി മറുപടി നൽകിയത്.

പരാതിക്കാരിക്കെതിരായ ആരോപണങ്ങളെ കോടതി തള്ളിക്കളഞ്ഞു. കൂടാതെ പരാതിക്കാരിക്കെതിരായ വ്യക്തിഹത്യ പാടില്ലെന്നും കോടതി പറഞ്ഞു. നേരത്തെ സമാന ആരോപണങ്ങൾ നേരിട്ട ഹർജിക്കാർക്ക് ഹൈക്കോടതി നേരത്തേ ജാമ്യം അനുവദിച്ചിരുന്നു.

സിദ്ധരാമയ്യക്ക് കനത്ത തിരിച്ചടി; ഹർജി ഹൈക്കോടതി തള്ളി

ബെംഗളൂരു: മൈസൂരു നഗരവികസന അതോറിറ്റി (മുഡ) ഭൂമിയിടപാട് കേസിൽ തന്നെ വിചാരണ ചെയ്യാനുള്ള ?ഗവർണറുടെ തീരുമാനത്തിനെതിരേ കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ നൽകിയ ഹർജി ഹൈക്കോടതി തള്ളി.

സിദ്ദിഖ് വിദേശത്ത് കടക്കാൻ സാദ്ധ്യത? അറസ്റ്റിന് ഒരുങ്ങി പോലീസ്, ലുക്ക്ഔട്ട് സർക്കുലർ പുറത്തിറക്കി

കൊച്ചി: നടിയുടെ പീഡനപരാതിയുമായി ബന്ധപ്പെട്ട് നടൻ സിദ്ദിഖിന്റെ മുൻകൂർ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളിയതിന് പിന്നാലെ അറസ്റ്റ് ചെയ്യാൻ നീക്കം. നടൻ വിദേശത്തേക്ക് കടക്കാനുള്ള സാദ്ധ്യത കണക്കിലെടുത്ത് വിമാനത്താവളങ്ങളിൽ പോലീസ് ലുക്ക്ഔട്ട് സർക്കുലർ നൽകി.

സിദ്ദിഖിനെ അറസ്റ്റ് ചെയ്യാൻ പ്രത്യേക അന്വേഷണ സംഘം കൊച്ചിലേക്ക് പോകുമെന്നാണ് വിവരം. നടന്റെ അറസ്റ്റിന് തടസമെന്നുമില്ലെന്നാണ് പോലീസ് പറയുന്നത്. ഉടൻ തന്നെ അറസ്റ്റ് ചെയ്യാൻ കൊച്ചി പോലീസിന് ക്രൈംബ്രാഞ്ച് മേധാവി നിർദേശം നൽകിയിട്ടുണ്ട്. സിദ്ദിഖിന്റെ എല്ലാ ഫോണുകളും സ്വിച്ച് ഓഫാണ്. നടൻ ആലുവയിലെ വീട്ടിലില്ലെന്നാണ് വിവരം. സുപ്രീംകോടതിയെ സമീപിക്കാനാണ് സിദ്ദിഖ് തീരുമാനിച്ചിരിക്കുന്നത്.

ജസ്റ്റിസ് സി.എസ് ഡയസ് അദ്ധ്യക്ഷനായ സിംഗിൾ ബെഞ്ചാണ് സിദ്ദിഖിന്റെ മുൻകൂർ ജാമ്യാപേക്ഷ തള്ളിയത്. ലൈംഗിക പീഡനക്കേസിൽ സിദ്ദിഖിനെ പ്രതിസന്ധിയിലാക്കുന്ന ശക്തമായ കൂടുതൽ തെളിവുകളും സാക്ഷിമൊഴികളും അന്വേഷണ സംഘത്തിന് ലഭിച്ചിരുന്നു. നടി ഉന്നയിച്ച ആരോപണങ്ങളും മൊഴികളും സാധൂകരിക്കുന്നതാണെന്നും അന്വേഷണ സംഘം കോടതിയെ ബോധിപ്പിക്കുകയായിരുന്നു.

തൃശൂരിൽ യുവാവിനെ മർദിച്ച് കൊന്ന് ആംബുലൻസിൽ തള്ളി; പ്രതികൾക്കായി തിരച്ചിൽ

വലപ്പാട്: കയ്പമംഗലത്ത് യുവാവിനെ തട്ടിക്കൊണ്ടുപോയി മർദിച്ചുകൊന്ന് ആംബുലൻസിൽ തള്ളി. കോയമ്പത്തൂർ സ്വദേശി അരുൺ (40) ആണ് കൊല്ലപ്പെട്ടത്. കൊലപാതകശേഷം അപകടമാണെന്ന് വരുത്തി ആംബുലൻസ് വിളിച്ചു. സംഭവത്തിൽ കണ്ണൂർ സ്വദേശിയായ ഐസ് ഫാക്ടറി ഉടമയെ പൊലീസ് തിരയുകയാണ്. ആംബുലൻസിന് പിന്നാലെ കാറിലെത്താമെന്ന് ഡ്രൈവറോട് പറഞ്ഞുവെങ്കിലും ഇവർ മുങ്ങുകയായിരുന്നു.

റൈസ് പുള്ളർ തട്ടിപ്പിൽ നഷ്ടപ്പെട്ട 10 ലക്ഷം രൂപ തിരികെ കിട്ടുന്നതിനായാണ് അരുണിനെയും സുഹൃത്ത് ശശാങ്കനെയും സംഘം മർദിച്ചത്.

രാത്രി 10 മണിയോടെയാണ് കയ്പമംഗലം വഞ്ചിപ്പുര സെന്ററിനടുത്താണ് സംഭവം. മറ്റെവിടെയോ വെച്ച് കൊലപ്പെടുത്തിയ ശേഷം മൃതദേഹം കാറിൽ കൊണ്ടുവന്ന് ഇവിടെ തള്ളാനായിരുന്നു സംഘത്തിന്റെ ശ്രമമെന്ന് സംശയിക്കുന്നു. ഇതിനിടെ വഴിയാത്രക്കാർ കണ്ടതോടെ അപകടമുണ്ടായെന്നും ഗുരുതര പരിക്കേറ്റ ഇയാളെ ആശുപത്രിയിൽ എത്തിക്കാൻ ആംബുലൻസ് വിളിക്കാനും ആവശ്യപ്പെട്ടു. ആംബുലൻസ് എത്തിയതോടെ ഇയാളെ ആംബുലൻസിൽ കയറ്റിയ സംഘം ഞങ്ങൾ കാറിൽ ആശുപത്രിയിൽ എത്തിക്കൊള്ളാമെന്ന് പറഞ്ഞ് സംഘം മുങ്ങുകയായിരുന്നു. ആശുപത്രിയിലെത്തിയപ്പോഴാണ് മരണം നടന്നിട്ട് മണിക്കൂറുകൾ കഴിഞ്ഞിട്ടുണ്ടെന്ന വിവരം അറിയുന്നത്. ഉടൻ തന്നെ കയ്പമംഗലം പോലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കൊല്ലപ്പെട്ട ആളുടെ ശരീരത്തിൽ മർദ്ദനമേറ്റ പാടുകൾ കണ്ടെത്തിയിട്ടുണ്ട്.

സ്വിമ്മിംഗ് പൂളും ഓർഡർ ചെയ്ത ഭക്ഷണത്തിന്റെ ബില്ലും, സിദ്ദിഖിന് കുരുക്ക് മുറുക്കിയ തെളിവുകൾ

കൊച്ചി: ഹേമ കമ്മിറ്റി റിപ്പോർട്ട് പുറത്തുവന്നതിന് പിന്നാലെ ചലച്ചിത്ര മേഖലയിലെ വിവിധ വനിതാ പ്രവർത്തകർ പീഡന ആരോപണവുമായി രംഗത്തെത്തിയിരുന്നു. ഇതിൽ തെളിവുകൾ രജിസ്റ്റർ ചെയ്ത ഏറ്റവും ശക്തമായ കേസായിരുന്നു സിദ്ദിഖിന്റെത്. പരാതിക്കാരി ഉന്നയിച്ച ആരോപണങ്ങളെല്ലാം സാധൂകരിക്കുന്ന സാഹചര്യത്തെളിവുകൾ അന്വേഷണ സംഘം കണ്ടെത്തിയിരുന്നു.

സിനിമാ പ്രിവ്യൂ കഴിഞ്ഞ് അച്ഛനമ്മമാർക്കും കൂട്ടുകാരിക്കുമൊപ്പമാണ് സിദ്ദിഖിനെ കാണാൻ ഹോട്ടലിൽ എത്തിയതെന്ന നടിയുടെ മൊഴി ശരിയാണെന്ന് അന്വേഷണ സംഘം സ്ഥിരീകരിച്ചിരുന്നു. 2016 ജനുവരി 27ന് രാത്രി 12ന് തിരുവനന്തപുരത്തെ മാസ്കോട്ട് ഹോട്ടലിൽ 101 ഡി നമ്പർ മുറിയെടുത്ത സിദ്ദിഖ് മടങ്ങിയത് പിറ്റേന്ന് വൈകിട്ട് 5നാണ്. ഹോട്ടൽ രേഖകൾ ശേഖരിച്ചിട്ടുണ്ട്. സിദ്ദിഖ് ചോറും മീൻകറിയും തൈരും കഴിച്ചതിന്റെ ബില്ലും ഇതിലുൾപ്പെടുന്നു. നടിയുടെ മൊഴിയിൽ ഭക്ഷണത്തിന്റെ കാര്യം വ്യക്തമായി സൂചിപ്പിച്ചിരുന്നു.

തന്നെ സിദ്ദിഖ് ക്ഷണിച്ച മുറിയിൽ നിന്ന് നോക്കി കഴിഞ്ഞാൽ സ്വിമ്മിംഗ് പൂൾ കാണാമെന്ന് നടി മൊഴി നൽകിയിരുന്നു. തെളിവെടുപ്പിന് എത്തിച്ചപ്പോൾ പരാതിക്കാരി ഇത് അന്വേഷണ സംഘത്തിന് കാണിച്ചുകൊടുത്തു. സിദ്ദിഖ് സംഭവ ദിവസം കഴിച്ച ഭക്ഷണത്തിന്റെ ബിൽ എടുപ്പിച്ചപ്പോൾ അത് ശരിയാണെന്ന് തെളിയുകയും ചെയ്തു. സംഭവത്തിന് ശേഷം മാനസിക നില തകരാറിലായ പരാതിക്കാരി ആശുപത്രിയിൽ ചികിത്സ തേടിയതിന്റെ വിശദാംശങ്ങളും പീഡനം നടന്നുവെന്ന് വ്യക്തമാക്കുന്നതായിരുന്നു. ഇത്തരം സാഹചര്യത്തെളിവുകളാണ് സിദ്ദിഖിന് കുരുക്ക് മുറുക്കിയത്.

പവന്റെ വില 56,000 രൂപയായി; സ്വർണ വിലയിൽ കുതിപ്പ് തുടരുന്നു

തിരു: സംസ്ഥാനത്ത് സ്വർണ വില പവന് 56,000 രൂപയായി. ഇന്ന് പവന്റെ വിലയിൽ 160 രൂപയുടെ വർധനവാണുണ്ടായത്. ഇതോടെ മൂന്നാഴ്ചക്കിടെ മാത്രം 2640 രൂപ കൂടി. ഒരു പവൻ ആഭരണത്തിന് കുറഞ്ഞ പണിക്കൂലിയായ അഞ്ച് ശതമാനവും മൂന്ന് ശതമാനം ജി.എസ്.ടിയും ഹാൾമാർക്കിങ് ചെലവും ഉൾപ്പടെ 60,700 രൂപയോളം നൽകേണ്ടിവരും.

ഭൗമരാഷ്ട്രീയ സംഘർഷങ്ങളും യുഎസ് ഫെഡിന്റെ നിരക്ക് കുറയ്ക്കലുമൊക്കെയാണ് സ്വർണ വിലയെ സ്വാധീനിച്ചത്. സുരക്ഷിത നിക്ഷേപമെന്ന നിലയിൽ സ്വർണത്തിന് ഡിമാൻഡ് കൂടിയതും യുഎസിലെ പലിശ നിരക്കിലെ കുറവ് മുന്നോട്ടുവെക്കുന്ന ആദായ സാധ്യതയുമൊക്കെയാണ് സ്വർണം നേട്ടമാക്കിയത്.

അന്താരാഷ്ട്ര വിപണിയിൽ ഒരു ട്രോയ് ഔൺസ് സ്വർണത്തിന് 2627 ഡോളർ നിലവാരത്തിലാണ് നിലവിൽ വ്യാപാരം നടക്കുന്നത്. രാജ്യത്തെ കമ്മോഡിറ്റി വിപണിയായ എംസിഎക്സിൽ പത്ത് ഗ്രാം സ്വർണത്തിന്റെ വില 74,485 നിലവാരത്തിലേക്ക് ഉയർന്നു.

മിനി സിവിൽ സ്റ്റേഷന് ഉമ്മൻചാണ്ടിയുടെ പേരുനൽകുമെന്ന് മന്ത്രി രാജേഷ്

പുതുപ്പള്ളി: പുതുപ്പള്ളിയിലെ പഞ്ചായത്തുവക സ്ഥലത്തെ കമ്യൂണിറ്റി ഹാളിന് ഇ.എം.എസിന്റെ പേര് നൽകുന്നതുമായി ബന്ധപ്പെട്ടുയർന്ന വിവാദത്തിൽ വഴിത്തിരിവ്. പുതുപ്പള്ളിയിൽ പുതുതായി പണികഴിപ്പിക്കുന്ന മിനി സിവിൽ സ്റ്റേഷന് മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പേര് നൽകുമെന്ന് മന്ത്രി എം.ബി രാജേഷ് പ്രഖ്യാപനം നടത്തി. കമ്യൂണിറ്റി ഹാളിന് ഇ.എം.എസ്സിന്റെ പേര് നൽകുന്ന ചടങ്ങിലാണ് മന്ത്രിയുടെ പ്രഖ്യാപനം. ഇ.എം.എസ്സിനെ മാത്രമേ ആദരിക്കാവൂ എന്ന നിലപാട് ഇടതുപക്ഷത്തിനില്ലെന്ന് മന്ത്രി വ്യക്തമാക്കി.

ഉമ്മൻചാണ്ടിയുടെ മകൻ ചാണ്ടി ഉമ്മനുമായി ബന്ധപ്പെട്ടിരുന്നു. അദ്ദേഹം വിദേശത്താണെന്നറിഞ്ഞു. അതിനാൽ മിനി സിവിൽ സ്റ്റേഷന് ഉമ്മൻചാണ്ടിയുടെ പേര് നൽകാനുള്ള തീരുമാനം അദ്ദേഹത്തെ അറിയിക്കാൻ കഴിഞ്ഞില്ല. പുതുപ്പള്ളിയിലെ ഇ.എം.എസ് സ്മാരക ഹാളും ഉമ്മൻ ചാണ്ടിയുടെ പേരിൽ നിർമിക്കുന്ന സിവിൽ സ്റ്റേഷനും രാഷ്ട്രീയ സഹിഷ്ണുതയുടെ ഉദാഹരണമായി നിലനിൽക്കും. വിവാദം അനാവശ്യമാണ്- മന്ത്രി പറഞ്ഞു.

പുതുപ്പള്ളി കവലയോടു ചേർന്നുള്ള പഞ്ചായത്തുവക സ്ഥലത്തെ കമ്യൂണിറ്റി ഹാളിന് എൽ.ഡി.എഫ്. ഭരണസമിതി ഇ.എം.എസിന്റെ പേര് നൽകാൻ തീരുമാനിച്ചതാണ് വിവാദത്തിനാധാരം. പേരുവിവാദം ഒടുവിൽ ഉപവാസത്തിലെത്തി നിൽക്കുന്നു. യു.ഡി.എഫ്. ഭരിക്കുമ്പോൾ വർഷങ്ങളായി ഉപയോഗശൂന്യമായി കിടന്ന കമ്യൂണിറ്റി ഹാൾ ഇടത് ഭരണസമിതിയെത്തിയപ്പോൾ നവീകരിച്ചു. സാധാരണക്കാർക്ക് വിവാഹംപോലുള്ള ആവശ്യങ്ങൾക്കും സമ്മേളനങ്ങൾക്കുംമറ്റും ഉപയോഗിക്കാവുന്ന രീതിയിലാക്കി. നടന്നുപോലും പോകാൻ പറ്റാതെകിടന്ന വഴി മതിൽകെട്ടി തിരിച്ച് ടാറിട്ടു. നവീകരിച്ച കമ്യൂണിറ്റി ഹാളിന് ഇ.എം.എസിന്റെ പേരുനൽകാനും ഭരണസമിതി തീരുമാനിച്ചു.

രണ്ടുതവണ മുഖ്യമന്ത്രിയും മന്ത്രിയും പ്രതിപക്ഷ നേതാവുമൊക്കെയായിരുന്ന ഉമ്മൻചാണ്ടിയുടെ പേര് നൽകാത്തത് എന്തുകൊണ്ടെന്നാണ് യു.ഡി.എഫ്. ഉയർത്തുന്ന ചോദ്യം. നാലുപതിറ്റാണ്ടുമുൻപ് ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്ത ഹാളാണിത്. പുതുപ്പള്ളിയിലെ ഒരു പൊതുസ്ഥാപനത്തിന് ഉമ്മൻചാണ്ടിയുടെ പേര് നൽകണമെന്നത് ജനവികാരമാണ്. അതിനെ പഞ്ചായത്ത് ഭരണസമിതിയിൽ പ്രസിഡന്റിന്റെ കാസ്റ്റിങ് വോട്ട് വിനിയോഗിച്ച് അട്ടിമറിച്ചു. ജനഹൃദയത്തിലിടം നേടിയ ഉമ്മൻചാണ്ടിയെ അവഹേളിക്കുന്ന നടപടി കേരളമറിയണമെന്നാണ് യു.ഡി.എഫ്. പക്ഷം.കോൺഗ്രസ് പുതുപ്പള്ളി മണ്ഡലം കമ്മിറ്റി തിങ്കളാഴ്ച പുതുപ്പള്ളിയിൽ ഉപവാസസമരത്തിലൂടെ പ്രതിഷേധിച്ചു. പിന്നാലെയാണ് ചൊവ്വാഴ്ച മന്ത്രി എം.ബി. രാജേഷെത്തി കമ്യൂണിറ്റി ഹാളിന് പേരിടൽ നടത്താനെത്തിയത്.

ലൈംഗിക പീഡന പരാതി; മുകേഷിനെ അറസ്റ്റുചെയ്ത് വിട്ടയച്ചു

കൊച്ചി: ലൈംഗിക അതിക്രമ കേസിൽ നടനും എം. എൽ.എയുമായ എം. മുകേഷിനെ അറസ്റ്റ് രേഖപ്പെടുത്തി വിട്ടയച്ചു. മണിക്കൂറുകൾ നീണ്ട ചോദ്യം ചെയ്യലിന് ഒടുവിലാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. അതേസമയം, നേരത്തെ ഹൈക്കോടതി മുൻകൂർ ജാമ്യം അനുവദിച്ചിരുന്നതിനാൽ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിടുകയായിരുന്നു.

ഇന്ന് രാവിലെ 10.15ഓടെ അഭിഭാഷകനൊപ്പമാണ് മുകേഷ് പ്രത്യേക അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരായത്. ചോദ്യം ചെയ്യൽ 1.15 വരെ നീണ്ടു. വടക്കാഞ്ചേരി പോലീസും മരട് പോലീസ് രജിസ്റ്റർ ചെയ്ത രണ്ട് കേസുകളാണ് മുകേഷിനെതിരേ രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഈ കേസുകളിലാണ് ചോദ്യം ചെയ്യൽ നടന്നത്.

ലൈംഗിക പീഡന പരാതി കളിന്മേൽ നേരത്തെ തന്നെ പരാതിക്കാരികളുടെ വിശദമായ മൊഴിയടക്കം പ്രത്യേക അന്വേഷണസംഘം ശേഖരിച്ചിരുന്നു. കൂടാതെ പ്രാഥമിക വിവരശേഖരണവും അന്വേഷണ സംഘം നടത്തിയിരുന്നു. ഇതിന് പിന്നാലെയാണ് പ്രതികളെ ചോദ്യം ചെയ്യുന്ന നടപടിയിലേക്ക് കടക്കുന്നത്. അതേസമയം, മുൻകൂർ ജാമ്യം നൽകിക്കൊണ്ടുള്ള ഹർജിയിൽ പരാതിക്കാരിയുടെ മൊഴികളിൽ വൈരുദ്ധ്യമുണ്ടെന്ന് കോടതി നിരീക്ഷിച്ചിരുന്നു.

ആലുവ സ്വദേശിയായ യുവതിയാണ് മുകേഷ്, മണിയൻ പിള്ള രാജു, അഡ്വ. ചന്ദ്രശേഖർ അടക്കമുള്ള 7പേർ ലൈംഗികമായി പീഡിപ്പിച്ചുവെന്ന് പരാതി ഉന്നയിച്ചത്. 2009-ലാണ് സംഭവം നടന്നതെന്നാണ് നടിയുടെ ആരോപണം. 13 വർഷം മുൻപ് സിനിമ ചിത്രീകരണവുമായി ബന്ധപ്പെട്ട് വടക്കാഞ്ചേരിയിലെ നക്ഷത്ര ഹോട്ടലിൽ താമസിക്കുന്നതിനിടയിൽ മുകേഷ് മോശമായി പെരുമാറിയെന്നാണ് ആക്ഷേപവുമായി മറ്റൊരു യുവതിയും രംഗത്തെത്തിയിരുന്നു.

'നാടകമേ ഉലകം' എന്ന സിനിമയുടെ ചിത്രികരണത്തിനിടയിൽ മുകേഷ് കയറി പിടിച്ചുവെന്ന നടിയുടെ മൊഴി അന്വേഷണസംഘം വടക്കാഞ്ചേരി പോലീസിന് കൈമാറിയതിന്റെ അടിസ്ഥാനത്തിൽ വടക്കാഞ്ചേരി പോലീസ് എഫ്. ഐ. ആർ രജിസ്റ്റർ ചെയ്യുകയായിരുന്നു.

ഇത് തട്ടിപ്പാണ്, അവസാനിപ്പിക്കണം'; മെഡിക്കൽ കോളേജുകളിലെ എൻ ആർ ഐ ക്വാട്ടക്കെതിരെ സുപ്രീം കോടതി

ന്യൂഡൽഹി: മെഡിക്കൽ കോളേജുകളിലെ എൻ. ആർ. ഐ. ക്വാട്ട വിദ്യാഭ്യാസ സംവിധാനത്തോട് ചെയ്യുന്ന തട്ടിപ്പാണെന്ന് സുപ്രീം കോടതിയുടെ നിരീക്ഷണം. ഇത് അവസാനിപ്പിക്കേണ്ടതാണെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് അഭിപ്രായപെട്ടു. ദോഷകരമായ പ്രത്യാഘാതമാണ് എൻ.ആർ. ഐ. ക്വാട്ട കൊണ്ട് ഉണ്ടാകുന്നത് എന്ന് സുപ്രീം കോടതി ചൂണ്ടിക്കാട്ടി. എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം ലഭിക്കുന്നവരേക്കാൾ മൂന്ന് ഇരട്ടി മാർക്ക് ഉള്ളവർക്ക് പോലും പ്രവേശനം ലഭിക്കുന്നില്ലെന്നും കോടതി നിരീക്ഷിച്ചു.

മെഡിക്കൽ കോളേജുകളിലെ പ്രവേശനത്തിന് എൻ. ആർ. ഐ. ക്വാട്ട സംബന്ധിച്ച് പഞ്ചാബ് സർക്കാർ കൊണ്ട് വന്ന പുതിയ വിജ്ഞാപനം പഞ്ചാബ്-ഹരിയാണ ഹൈക്കോടതി റദ്ദാക്കിയിരുന്നു. വിദേശത്തുള്ള ഇന്ത്യക്കാരുടെ ബന്ധുക്കൾക്കും എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നൽകാം എന്നാണ് പുതിയ വിജ്ഞാപനത്തിൽ പഞ്ചാബ് സർക്കാർ വ്യക്തമാക്കിയിരുന്നത്. ഈ വിജ്ഞാപനമാണ് പഞ്ചാബ് ഹരിയാണ ഹൈക്കോടതി റദ്ദാക്കിയത്. ഹൈക്കോടതിയുടെ നടപടി പൂർണ്ണമായും ശരിയാണെന്ന് സുപ്രീം കോടതി വ്യക്തമാക്കി. എൻ.ആർ.ഐ. ക്വാട്ട സംബന്ധിച്ച വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ഉണ്ടാകണം എന്ന് സുപ്രീം കോടതി അഭിപ്രായപെട്ടു. ഇക്കാര്യത്തിൽ നിയമം വിശദീകരിച്ച് കൊണ്ടുള്ള മാർഗരേഖ പുറത്തിറക്കുമെന്നും സുപ്രീം കോടതി അറിയിച്ചു.

നെയ്യിൽ മായം; കേരളത്തിൽ സുലഭമായ മൂന്ന് ബ്രാൻഡുകളുടെ വില്പന നിരോധിച്ചു

തിരു : സംസ്ഥാനത്ത് മായം കലർന്ന നെയ്യ് ഉത്പാദിപ്പിക്കുകയും വിൽക്കുകയും ചെയ്ത മൂന്ന് ബ്രാൻഡുകൾ ഭക്ഷ്യസുരക്ഷാ വിഭാഗം കണ്ടെത്തി. ചോയ്സ്, മേന്മ, എസ് ആർ എസ് എന്നീ ബ്രാൻഡുകളാണ് മായം കലർന്ന നെയ്യ് വിൽക്കുന്നതായി കണ്ടെത്തിയത്.

ഈ ബ്രാൻഡുകളുടെ സംഭരണവും വില്പനയും ഭക്ഷ്യസുരക്ഷാ കമ്മിഷൻ നിരോധിച്ചു. വിപണിയിൽ നിന്ന് ശേഖരിച്ച സാമ്പിളുകൾ പരിശോധിച്ചപ്പോഴാണ് നിശ്ചിത ഗുണനിലവാരമില്ലാത്തവയാണെന്ന് കണ്ടെത്തിയത്. തിരുവനന്തപുരം അമ്പൂരി ചപ്പാത്തിൻകരയിലെ ചോയ്സ് ഹെർബൽസ് നിർമിച്ച നെയ്യ് ബ്രാൻഡുകളാണ് ഇവ.

ഇവയുടെ ലേബലുകളിൽ നെയ്യ് എന്നാണുള്ളതെങ്കിലും ചേരുവകളുടെ പട്ടികയിൽ നെയ്യ്, സസ്യ എണ്ണ, വനസ്പതി എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ശുദ്ധമായ നെയ്യ് മാത്രമേ നെയ്യ് എന്ന പേരിൽ വില്പന നടത്താൻ പാടുള്ളൂ. മറ്റ് എണ്ണകളുടെ കൊഴുപ്പുകൾ ചേർന്ന കൂട്ടുമിശ്രിതം നെയ്യുടെ നിർവചനത്തിൽ വരില്ല. അതിനാൽ ഇവയുടെ വില്പനയും ഉപയോഗവും ഭക്ഷ്യസുരക്ഷാനിലവാര റഗുലേഷനിലെ വ്യവസ്ഥപ്രകാരം തടഞ്ഞിട്ടുള്ളതാണ്. ഇതേത്തുടർന്നാണ് ഭക്ഷ്യസുരക്ഷാ നിയമത്തിലെ വിവിധ വകുപ്പ് പ്രകാരം കമ്മിഷൻ നടപടിയെടുത്തത്.

പ്രമുഖ ബ്രാൻഡുകളുടെ ഗുണനിലവാരമുള്ള ഒരു ലിറ്റർ നെയ്യുടെ വില 600 രൂപയ്ക്ക് മുകളിലാണ് എന്നാൽ സസ്യ യെണ്ണയാണെങ്കിൽ ഒരു ലിറ്ററിന് ശരാശരി വില ഇതിന്റെ നാലിലൊന്നേവരൂ. മായം കലർന്നിട്ടുണ്ടോയെന്ന് കണ്ടെത്താൻ മറ്റ് ബ്രാൻഡുകളുടെ നെയ്യും ഭക്ഷ്യസുരക്ഷാ വിഭാഗം പരിശോധിക്കുമെന്ന് അധികൃതർ അറിയിച്ചു.

'മഹാലക്ഷ്മിയെ 50 കഷ്ണങ്ങളാക്കിയത് അയാളായിരിക്കാം, അവൾക്ക് മറ്റൊരു ബന്ധമുണ്ടായിരുന്നു'; ഭർത്താവിന്റെ വെളിപ്പെടുത്തൽ

ബംഗളൂരു: നഗരത്തിലെ അപ്പാർട്ട്മെന്റിൽ യുവതിയെ വെട്ടിനുറുക്കി കഷ്ണങ്ങളാക്കി ഫ്രിഡ്ജിനുള്ളിൽ സൂക്ഷിച്ച കേസിൽ കൂടുതൽ വെളിപ്പെടുത്തലുകൾ പുറത്ത്. കൊല്ലപ്പെട്ട ബിഹാർ സ്വദേശിനി മഹാലക്ഷ്മിയുടെ ഭർത്താവാണ് പുതിയ വെളിപ്പെടുത്തൽ നടത്തിയിരിക്കുന്നത്.

മഹാലക്ഷ്മിക്ക് അവിഹിതബന്ധം ഉണ്ടായിരുന്നുവെന്നും അവളുടെ കാമുകനാണ് കൊലപ്പെടുത്തിയതെന്നുമാണ് ഭർത്താവ് ഹേമന്ത് ദാസ് ദേശീയ മാദ്ധ്യമങ്ങളോട് പറഞ്ഞത്. മഹാലക്ഷ്മിയുടെ കാമുകനെതിരെ മാസങ്ങൾക്ക് മുൻപ് ബംഗളൂരു പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നതായും ഹേമന്ത് ദാസ് വ്യക്തമാക്കി.

'മാസങ്ങൾക്ക് മുൻപ് ഞാൻ നെലമംഗല പോലീസ് സ്റ്റേഷന

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

പത്രപ്രവർത്തക ആശ്രിത പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കും: മുഖ്യമന്ത്രി

തൃശൂർ: പത്രപ്രവർത്തക ആശ്രിത പെൻഷൻ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.

തൃശൂർ രാമനിലയത്തിൽ വെച്ച് സീനിയർ ജേണലിസ്റ്റ്സ് ഫോറം നല്കിയ നിവേദനം വായിച്ച ശേഷമാണു മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്.

നിയമാവലി പ്രകാരം നിലവിലുള്ള പത്രപ്രവർത്തക പെൻഷന്റെ പകുതി ആശ്രിത പെൻഷനായി ലഭിക്കണം .അങ്ങനെ വരുമ്പോൾ 5500 രൂപ ലഭിക്കണം. എന്നാൽ 2250 രൂപയാണു ആശ്രിത പെൻഷനായി ലഭിക്കുന്നതെന്നു ഫോറം നേതാക്കൾ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. വേണ്ടത് ചെയ്യാമെന്നു മുഖ്യമന്ത്രി വീണ്ടും പറഞ്ഞു.

സീനിയർ ജേണലിസ്റ്റ്സ് ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി. വിജയകുമാർ, ജില്ലാ പ്രസിഡന്റ് ബാലകൃഷ്ണൻ കുന്നമ്പത്ത്, വൈസ് പ്രസിഡന്റ് വി.എം .രാധാകൃഷ്ണൻ, സെക്രട്ടറി ജോയ് എം.മണ്ണൂർ, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ അലക് സാണ്ടർ സാം, എൻ. ശ്രീകുമാർ, ഫ്രാങ്കോ ലൂയിസ് എന്നിവരാണു നിവേദക സംഘത്തിലുണ്ടായിരുന്നത്.

വാർത്താച്ചുരുക്കം

* ഫാർമ്മസിസ്റ്റുകളുടെ തൊഴിൽ സംരക്ഷണാവകാശങ്ങൾ അംഗീകരിച്ച് നടപ്പാക്കണമെന്ന് കേരള ഗവ. ആയുർവേദ ഫാർമ്മിസ്റ്റംഗവും അസോസിയേഷൻ 38 -ാം സംസ്ഥാന സമ്മേളനവും ആവശ്യപ്പെട്ടു. പേൾ റീജൻസിയിലായിരുന്നു സമ്മേളനം.
* വെങ്കിടങ്ങ് പാരിജാത് മാട്രിമോണിയുടെ ഉദ്ഘാടനം നടന്നു. ലീജിയൻ ഓഫ് മേരി തൃശൂർ ആർച്ച് ഡയോസിസിന്റെ കീഴിലാണ് മാട്രിമോണി.

കെ മോഹൻദാസിന്റെ രാഷ്ട്രീയ സത്യസന്ധത മാതൃകാപരം: തോമസ് ഉണ്ണിയാടൻ

ഇരിങ്ങാലക്കുട: മുൻ എം പി കെ. മോഹൻദാസിന്റെ രാഷ്ട്രീയ സത്യസന്ധത ഏറെ മാതൃകാപരമായിരുന്നുവെന്നു കേരള കോൺഗ്രസ് ഡെപ്യൂട്ടി ചെയർമാൻ തോമസ് ഉണ്ണിയാടൻ പറഞ്ഞു. കെ.മോഹൻദാസിന്റെ ഇരുപത്തിയെട്ടാം ചരമ വാർഷികത്തോടനുബന്ധിച്ച് കെ.മോഹൻദാസ് അനുസ്മരണസമിതി സംഘടിപ്പിച്ച അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മികച്ച ജനപ്രതിനിധി എന്ന പോലെ തന്നെ താൻ പ്രവർത്തിച്ച പാർട്ടിയോടും നേതാക്കളോടും മരണം വരെ വിശ്വസ്തത പുലർത്തിയ വ്യക്തിയായിരുന്നു അദ്ദേഹമെന്നും ഉണ്ണിയാടൻ പറഞ്ഞു. കേരള കോൺഗ്രസ് ജില്ലാ പ്രസിഡന്റ് സി.വി.കുര്യാക്കോസ് അധ്യക്ഷത വഹിച്ചു.

കേരള കോൺഗ്രസ് സംസ്ഥാന വൈസ് ചെയർമാൻ എം.പി.പോളി, ജനറൽ സെക്രട്ടറി മിനി മോഹൻദാസ്, ജോൺസൺ കാഞ്ഞിരത്തിങ്കൽ, ഇട്ടിയച്ചൻ തരകൻ, റോക്കി ആളൂക്കാരൻ, സിജോയ് തോമസ്, സേതു മാധവൻ, സി.ടി.പോൾ, പ്രസാദ് പുലിക്കോട്ടിൽ, ഫെനി എബിൻ, ജോയ് എടാട്ടുക്കാരൻ, ജോൺ മുണ്ടൻമാണി, ഷൈനി ജോജോ, മാഗി വിൻസന്റ് എന്നിവർ പ്രസംഗിച്ചു.

ബിഎസ്എൻഎൽ രജതജൂബിലി

തൃശൂർ: ബി എസ് എൻ എൽ രജതജൂബിലിയുടെ ഭാഗമായി തൃശൂരിൽ വിവിധ പരിപാടികൾ നടത്തുന്നു. ഫുട് ബോൾ. ചിത്രരചന, ബൈക്ക് റാലി, സൈക്കിൾ റാലി,രക്ത ദാന ക്യാമ്പ്, ഘോഷയാത്രി, ഫ്ളാഷ്മോബ്, തുടങ്ങിയവ 23 മുതൽ ഒക്ടോ. 7 വരെ നടക്കും.

ജീവനക്കാരും സ്കൂൾകോളേജ് വിദ്യാർത്ഥികളും പങ്കെടുക്കും. ജൂബിലി ഭാഗമായി ബി എസ് എൻ എൽ സേവനം കൂടുതൽ മെച്ചപ്പെടുത്തുന്നു. വിപുല പദ്ധതികളും ആവിഷ്കരിച്ചതായി ബിഎസ് എൻ എൽ അധികൃതർ അറിയിച്ചു.

അസ്മിത ഖേലോ ഇന്ത്യ നാഷണൽ വുമൺസ് ലീഗ് ടൂർണമെന്റ് തൃശൂർ വി കെ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ തൃശ്ശൂർ ജില്ലാ കലക്ടർ അർജുൻ പാണ്ഡ്യൻ ഐ എഎസ് ഉദ്ഘാടനം നിർവഹിച്ചു.കേരള ജൂഡോ അസോസിയേഷൻ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഏ ശ്രീകുമാർ യോഗത്തിൽ അധ്യക്ഷനായിരുന്നു. തൃശ്ശൂർ ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡണ്ട് കെ ആർ സാംബശിവൻ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. ഓർഗനൈസിങ് ചെയർമാൻ ധനഞ്ജയൻ കെ മച്ചിങ്ങിൽ, സെക്രട്ടറി ജോയ് വർഗ്ഗീസ് കെ, മുൻ മേയർ കെ രാധാകൃഷ്ണൻ, ഖേലോ വുമൺസ് ലീഗ് നാഷണൽ ചെയർമാൻ യോഗേഷ് ദാവാഡേ, ഖഎക ഒബ്സർവർ വിരേന്ദർ വസിഷ്ട്ട്, ടൂർണമെന്റ് ഡയറക്ടർ സ്മിത ഷെട്ടി, ടെക്നിക്കൽ ചെയർമാൻ ജയരാജേഷ്, ജൂഡോ അസോസിയേഷൻ സംസ്ഥാന സെക്രട്ടറി റാൻ പി ആർ, ജില്ല സ്പോർട്ട് കൗൺസിൽ സെക്രട്ടറി രാജേന്ദ്രൻ നായർ എസ് എന്നിവർ ചടങ്ങിൽ സന്നിഹിതനായിരുന്നു.

VEHICLES FOR SALE

SHRIRAM FINANCE LTD.
2nd Floor, Ambika Arcade,
Thrissur Road,
KUNNAMKULAM-680503 KERALA
TEL: 04885-211347

Vehicle No	Vehicle Description	Year of manufacturing
1. KL 02 BN 0246	PIAGGIO APE PICK UP XTRA LD	2020 MODEL
2. KL 56 F 1327	TATA ACE SUPER	2012 MODEL

അന്നത്തെ ഓണം അവിടത്തെ ഓണം

വിയ്യൂർ: ഗ്രാമീണവായനശാല വയോജന വേദിയുടെ ആഭിമുഖ്യത്തിൽ 'അന്നത്തെ ഓണം, അവിടത്തെ ഓണം' എന്ന ശീർഷകത്തിൽ കേരളത്തിന്റെ വിവിധഭാഗങ്ങളിൽനിന്നുള്ളവർ പഴയകാല ഓണസ്മരണകൾ അയവിറക്കുന്ന പരിപാടി സംഘടിപ്പിച്ചു. പി.കെ. ആര്യൻ, സന്തോഷ് കെ.എഫ്., എം.ഹരിദാസ്, പി. ഉദയകുമാർ, മനോജ് കുമാർ പി.വി., ഡോ സി.പി.സുനിൽകുമാർ, വി.വി. പരമേശ്വരൻ, പി.കൃഷ്ണകുമാർ, ഡോ വി.ജി. ഗോപാലകൃഷ്ണൻ, ഡോ ടി ആർ. ഗോവിന്ദൻ കുട്ടി, ശങ്കരൻകുട്ടി മാസ്റ്റർ,വി.കെ. സൈമൺ, പ്രൊഫ ശൂലപാണി വാരിയർ, കെ.പി. ബേബി,ടി.സത്യനാരായണൻ,ഡോ.കൃഷ്ണകുമാരി, പി.ആർ.പ്രഭാകരൻ, പ്രസന്ന ആര്യൻ, കോമളം മായമ്പുറത്ത്, നാരായണസ്വാമി, നജീബ് എം., മനോജ് എം., എം.ഡി. അബ്രഹാം, ലളിതാംബിക, ഉത്തര നിഖിൽ, ആനന്ദ് പി.ജെ., കാർത്തിക് ഗോവിന്ദ് തുടങ്ങി നാല്പതിലധികം പേർ പങ്കെടുത്ത പരിപാടിയിൽ കവിതാവതരണം, ഗാനാലാപനം തുടങ്ങിയ കലാപരിപാടികളും ഉണ്ടായിരുന്നു .

വീട്ടിൽ സ്ഥാപിച്ച സോളാർ സിസ്റ്റത്തിന് തകരാർ, നഷ്ടം 2,00,000 രൂപയും പലിശയും നൽകുവാൻ വിധി

തൃശൂർ: വീട്ടിൽ സ്ഥാപിച്ച സോളാർ സിസ്റ്റത്തിന് തകരാർ ആരോപിച്ച് ഫയൽ ചെയ്ത ഹർജിയിൽ പരാതിക്കാരന് അനുകൂലവിധി. തളിക്കുളം കല്ലാട്ട് വീട്ടിൽ കെ.എസ്. അശോകൻ ഫയൽ ചെയ്ത ഹർജിയിലാണ് എറണാകുളത്തെ മഠത്തിൽ മാർക്കറ്റിങ്ങ് കമ്പനി ഉടമ ജസ്റ്റിൻ, സ്ഥാപനത്തിന്റെ മാനേജർ എന്നിവർക്കെതിരെ ഇപ്രകാരം വിധിയായത്. അശോകന്റെ വീട്ടിൽ എതിർകക്ഷികൾ സ്ഥാപിച്ച് നൽകിയ സോളാർ സിസ്റ്റം പ്രവർത്തനരഹിതമാവുകയായിരുന്നു. പ്രവർത്തിച്ചിരുന്ന അവസരങ്ങളിലും വാഗ്ദാനം ചെയ്തതനുസരിച്ചുള്ള വൈദ്യുതി ഉല്പാദിപ്പിക്കപ്പെട്ടിരുന്നില്ല. തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. കോടതി നിയോഗിച്ച വിദഗ്ദകമ്മീഷണർ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാകുന്നു. ഇൻവെർട്ടറും ബാറ്ററിയും തകരാറുള്ളതാണെന്ന് കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാകുന്നു. പരിശോധന നടത്തുവാനുതകുന്ന വേണ്ടത്ര വിവരണങ്ങൾ ഉല്പന്നങ്ങളിൽ രേഖപ്പെടുത്തിയിരുന്നുമില്ല. തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു, മെമ്പർമാരായ ശ്രീജ. എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി ഹർജിക്കാരന് നഷ്ടപരിഹാരവും ചിലവുമായി 2,00,000 രൂപയും ഹർജി തിയ്യതി മുതൽ 6 % പലിശയും നൽകുവാൻ കല്പിച്ച് വിധി പുറപ്പെടുവിക്കുകയായിരുന്നു. ഹർജിക്കാരന് വേണ്ടി അഡ്വ.ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

മദ്യവിമുക്ത കുടുംബസംഗമം

പുതുക്കാട്: പുതുക്കാട് ഫൊറോന പള്ളി ഇടവകയിൽ മദ്യ വിമുക്തമായി പ്രഖ്യാപിച്ചിട്ടുള്ള 311 കുടുംബങ്ങളുടെ സംഗമം സിയോൺ ഹാളിൽ നടത്തി. കെ സി ബി സി മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിലായിരുന്നു പരിപാടി. മാർ പോളി കണ്ണൂക്കാടൻ ഉദ്ഘാടനം നിർവ്വഹിച്ചു. ഫൊറോന വികാരി റവ. ഫാ. പോൾ തേയ്ക്കാനത്ത് അധ്യക്ഷം വഹിച്ചു. പ്രസിഡണ്ട് ആന്റണി പന്തല്ലൂക്കാരൻ പ്രഭാഷണം ചെയ്തു.

മദ്യവിമുക്ത കുടുംബങ്ങളിൽ നിന്ന് 85 വയസ് കഴിഞ്ഞ മുതിർന്നവരേയും പ്ലസ് ടുവിനും എസ് എസ് എൽ സിക്കും ഫുൾ എ പ്ലസ് കിട്ടിയ വിദ്യാർത്ഥികളേയും ആദരിച്ചു.

നാദസ്വര സമ്മേളനം

തൃശൂർ: നാദസ്വര തകിൽ വാദ്യകലാ സംഘടനയുടെ ഒന്നാം സംസ്ഥാന സമ്മേളനം വിപുല പരിപാടികളോടെ നടന്നു. സംഗീത നാടക അക്കാദമി റീജിയിണൽ തിയ്യറ്ററിലായിരുന്നു സമ്മേളനം നടന്നത്. പുരസ്കാര സമർപ്പണം, സമാദരണ സദസ്, വിശേഷാൽ നാദസ്വര കച്ചേരി തുടങ്ങിയവയും നടന്നു. പ്രമുഖ വ്യക്തികൾ, വാദ്യകലാകാരന്മാർ ഉൾപ്പെടെ ധാരാളം പേർ പങ്കെടുത്തു.

കായലൊത്തുല്ലസിക്കാൻ കരുവന്തല ബ്ലൂ സെറീൻ

കായലിലൂടെ ഹൗസ് ബോട്ട് യാത്ര കേരളീയർക്ക് ഹരമാണ്. അത്തരം യാത്രക്ക് കേരളത്തിൽ ആലപ്പുഴയാണ് മുൻപന്തിയിൽ. മറ്റ് നിരവധി ജല-വിനോദ യാത്രാസ്ഥലങ്ങളും പദ്ധതികളും നിലവിലുണ്ട്.

തൃശൂർ ജില്ല മുതൽ വടക്കൻ ജില്ലയിലുള്ളവർക്ക് ആലപ്പുഴ മോഡൽ ജലവിനോദയാത്ര - ഹൗസ് ബോട്ടിൽ ഉൾപ്പെടെ വേണമെങ്കിൽ ചേറ്റുവാ കായലിൽ അസുലഭ അവസരം കൈവന്നിരിക്കുന്നു.

കരുവന്തല ബ്ലൂസെറീൻ റിസോർട്ട്സ് ആണ് ബോട്ട് യാത്രാസൗകര്യം ഉൾപ്പെടെ ഒരുക്കിയിരിക്കുന്നത്.

കാഞ്ഞാണി-ചാവക്കാട് റൂട്ടിൽ തൊയക്കാവ് തീരദേശ റോഡിലാണ് കരുവന്തല ബ്ലൂസെറീൻ റിസോർട്ട്. എട്ടര ഏക്കറിൽ ചേറ്റുവ കായലോരത്താണ് റിസോർട്ട്. തൃശൂരിൽ നിന്നും 20 കിലോമീറ്റർ ആണ് റിസോർട്ടിലേക്കുള്ളത്. ഏനാമാവ് ബണ്ട് റിസോർ ട്ടിന് സമീപമാണ്. കരുവന്തല ഹോട്ടൽസ് ആന്റ് റിസോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ സംരംഭമാണ് ബ്ലൂസെറീൻ റിസോർട്ട്.

കായലിന്റെ പ്രകൃതിസൗന്ദര്യം ആസ്വദിച്ച് ഉല്ലാസനിമിഷങ്ങൾ അവിസ്മരണീയമാക്കാൻ ഏറ്റവും നല്ല ഒരു ഡെസ്റ്റിനേഷനാണ് കരുവന്തല ബ്ലൂസെറീൻ റിസോർട്ട്.

ഹൗസ് ബോട്ടിങ്ങിനു പുറമെ ബോട്ടിങ്ങ്, മത്സ്യം പിടിക്കൽ, ചെറുവഞ്ചികളിലെ യാത്ര എന്നീ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഹൗസ് ബോട്ടിൽ രുചികരമായ ഭക്ഷണ വിതരണവും ഉണ്ടായിരിക്കും.

23 പേർക്ക് ഇരിക്കാവുന്ന മോട്ടോർ ബോട്ടും, 47 പേർക്ക് ഇരിക്കാവുന്ന ഹൗസ്ബോട്ടും 8 പേർക്ക് ഇരിക്കാവുന്ന സ്പെഷ്യൽ സർവ്വീസ് ബോട്ടും, പെഡൽ ബോട്ടും റിസോർട്ട് ഒരുക്കിയിട്ടുണ്ട്.

വള്ളംസദ്യപോലൊരു ഓണസദ്യ

ഓണക്കാലത്ത് തിരുവിതാംകൂറിൽ വള്ളം ഓണസദ്യ ബഹുകേമം. ആറന്മുള ക്ഷേത്രത്തിലേക്കുള്ള 'വള്ളംസദ്യ' ഘോഷയാത്ര കെങ്കേമമാണ്. അമ്പതിൽപരം വിഭവങ്ങൾ വീതം ഒരാൾക്കായി വലിയ ഇലയിൽ ആറന്മുള്ള ക്ഷേത്രസന്നിധിയിൽ വിളമ്പി ദേശക്കാർക്ക് ഓണം ഊട്ട് നടത്താറുണ്ട്. അതുപോലെ മുപ്പതോളം വിഭവങ്ങൾ വിളമ്പിയ ഒരു ഓണസദ്യ ചേറ്റുവ കായലോരമായ കരുവന്തല ഗ്രാമത്തിൽ നടന്നത് ഹൃദ്യമായി.

ബ്ലൂസെറീൻ റിസോർട്ട് ആണ് വിഭവസമൃദ്ധമായ സദ്യ ഒരുക്കിയത്. വിദേശ ടൂറിസ്റ്റുകളും പങ്കെടുത്തു.

വിശ്രമിക്കാൻ-ഉല്ലസിക്കാൻ

എല്ലാ സൗകര്യങ്ങളോടും കൂടിയ ആഡംബര സ്യൂട്ട് റൂമുകൾ, ഡീലക്സ് റൂമുകൾ, 1000 പേരെ ഉൾക്കൊള്ളിക്കുന്ന ബാൻക്വെറ്റ് ഹാൾ, ജിം, സ്വിമ്മിംഗ് പൂൾ, സ്പാ എന്നീ സൗകര്യങ്ങളാണ് അതിഥികൾ ക്കായി ഇവിടെ ഒരുക്കിയിരിക്കുന്നത്.

എല്ലാത്തരം ശൈലിയിലുമുള്ള വിവിധ ഭക്ഷ്യവിഭവങ്ങൾ ലഭിക്കുന്ന മൾട്ടിക്യുഷ്യൻ റസ്റ്റോറന്റും ബ്ലൂ സെറീൻ റിസോർട്ട്സിന്റെ ഭാഗമാണ്.

കായലിനു സമീപത്തുതന്നെ ഏകദേശം 3000 പേർവരെ ഉൾക്കൊള്ളാവുന്ന ഔട്ട് ഡോർ ലോൺ വെന്യുവും ഇവിടെയുണ്ട്.

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട്, ഗുരുവായൂർ ക്ഷേത്രം, തൃശൂർ ടൗൺ, ചാവക്കാട് ബീച്ച്, അതിരപ്പിള്ളി വെള്ളച്ചാട്ടം എന്നിങ്ങനെ തൃശൂരുള്ള പ്രധാന സ്ഥലങ്ങളിലേക്ക് റിസോർട്ടിൽ നിന്നും എളുപ്പം എത്തിച്ചേരാം എന്നതും വിനോദസഞ്ചാരികൾക്ക് സൗകര്യപ്രദമാണ്. ബുക്കിംഗിനും മറ്റു വിശദവിവരങ്ങൾക്കുമായി ബന്ധപ്പെടുക: 8086123000.

ലയൺസ് പ്രസ്ഥാനത്തിന്റെ അമരക്കാരനായ വി. തങ്കപ്പനാണ് റിസോർട്ടിന്റെ ചെയർമാൻ. ജയറാം രാഘവൻ മാനേജിംഗ് ഡയറക്ടർ. രജീഷ് കുമാറാണ് ജനറൽ മാനേജർ.

ടൂറിസം വികസനം

ടൂറിസം വികസനം ബ്ലൂ സെറീന്റെ പ്രത്യേക നയമാണ്. ഗ്രാമീണ ടൂറിസം കൂടി വികസിപ്പിക്കാനും ലക്ഷ്യമിടുന്നു. അതിന്റെയൊക്കെ ഭാഗമായി കൂടിയാണ് ചേറ്റുവ കായലോരത്ത് നൂതന സൗകര്യങ്ങളോടെ റിസോർട്ട് ഒരുക്കിയിട്ടുള്ളതെന്ന് ചെയർമാൻ തങ്കപ്പൻ പറഞ്ഞു.

പുതുകാലത്ത് തദ്ദേശിയ ടൂറിസത്തിന് വൻ പ്രാധാന്യം ഉണ്ട്. ബ്ലൂസെറീനിൽ നിന്നും സമീപസ്ഥലങ്ങളെ ടൂറിസപ്രധാന കേന്ദ്രങ്ങളിലേക്ക് സന്ദർശകരെ എത്തിക്കാനുള്ള പദ്ധതികളും മറ്റ് നവീന പരിപാടികളും ബ്ലൂസെറീനിൽ നടപ്പാക്കുമെന്ന് മാനേജിംഗ് ഡയറക്ടർ ജയറാമും ജനറൽമാനേജർ രാജേഷ്കുമാർ എന്നിവരും വിശദീകരിച്ചു.

കെ.പി. നമ്പൂതിരിയുടെ 67-ാം ചരമവാർഷികം ആചരിച്ചു

തൃശ്ശൂർ: കെ.പി. നമ്പൂതിരീസ്ആയുർവേദിക്സ് സ്ഥാപകൻ കൊളത്താപ്പള്ളി പോതായൻ നമ്പൂതിരിയുടെ 67-ാം ചരമവാർഷികം ആചരിച്ചു.

വടക്കേക്കാട് കൊളത്താപ്പള്ളി മനയിൽ നടന്ന ചടങ്ങ് മാനേജിംഗ് ഡയറക്ടർ കെ. ഭവദാസൻ ഉദ്ഘാടനം ചെയ്തു. കൊളത്താപ്പള്ളി കൃഷ്ണൻ നമ്പൂതിരി, ടോംയാസ് മാനേജിംഗ് ഡയറക്ടർ തോമസ് പാവറട്ടി, റിസർച്ച് ആൻഡ് ഡവലപ്പ്മെന്റ് ഡയറക്ടർ കെ.എം. സതീശൻ തുടങ്ങിവയർ സംസാരിച്ചു.

വനിതാ കമ്മീഷൻ അദാലത്ത് 22 പരാതികൾ പരിഹരിച്ചു

തൃശൂർ: കേരള വനിതാ കമ്മീഷൻ സംഘടിപ്പിച്ച തൃശൂർ ജില്ലാ അദാലത്തിൽ 22 പരാതികൾ പരിഹരിച്ചു. ആകെ പരിഗണനയ്ക്ക് വന്ന 64 പരാതികളിൽ എട്ട് എണ്ണത്തിൽ പോലീസ് റിപ്പോർട്ട് തേടി. ബാക്കി പരാതികൾ അടുത്തമാസം നടക്കുന്ന അദാലത്തിലേക്ക് മാറ്റിവച്ചു. കേരള വനിതാ കമ്മീഷൻ അംഗം വി.ആർ. മഹിളാമണിയുടെ നേതൃത്വത്തിൽ തൃശ്ശൂർ ജവഹർ ബാലഭവനിൽ നടന്ന അദാലത്തിൽ അഭിഭാഷകരായ സജിതാ അജിത്, സുനിത, എ.കെ. വിനോദ്, കൗൺസിലർ മാലാ രമണൻ എന്നിവരും പരാതികൾ പരിശോധിച്ചു. വനിതാ കമ്മീഷന്റെ കോഴിക്കോട്, എറണാകുളം മേഖലാ ഓഫീസുകൾ മുഖേനെയും പരാതി നൽകാനാവുമെന്ന് വി.ആർ. മഹിളാമണി അറിയിച്ചു.

ഓണാഘോഷവുമായി വേൾഡ് മലയാളി കൗൺസിൽ

തൃശൂർ: അറുപതിലേറെ രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ആഗോള പ്രവാസി മലയാളി സമൂഹ കൂട്ടായ്മയായ വേൾഡ് മലയാളി കൗൺസിലിന്റെ നേതൃത്വത്തിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. തൃശൂർ റോട്ടറി ക്ളബ് ഹാളിൽ സംഘടിപ്പിച്ച പരിപാടികൾ പ്രൊവിൻസ് പ്രസിഡന്റ് ജോസ് പുതുക്കാടൻ ഉദ്ഘാടനം ചെയ്തു.

ലോകമെങ്ങും അതിവേഗം വളരുന്ന സമൂഹമായി മാറിയ മലയാളികളുടെ ആഗോള മേൽവിലാസമാണു വേൾഡ് മലയാളി കൗൺസിൽ എന്നും പിറന്ന നാട്ടിലും

സംഘടനയ്ക്കു പ്രാധാന്യം ഉണ്ടെന്നും ജോസ് പുതുക്കാടൻ സന്ദേശത്തിൽ പറഞ്ഞു.

ചെയർമാൻ ഇ.വി. അരവിന്ദാക്ഷൻ അധ്യക്ഷനായി. സെക്രട്ടറി സി.കെ. രാജഗോപാലൻ, ട്രഷറർ ടി.പി. പ്രകാശൻ, പ്രോഗ്രാം കോഓഡിനേറ്റർ സുജിത് ശ്രീനിവാസൻ, കാനാട്ട് സുരേന്ദ്രൻ, എബിൻ എന്നിവർ പ്രസംഗിച്ചു.

തിരുവാതിരക്കളി, നാടൻപാട്ട് തുടങ്ങിയവ അരങ്ങേറി. വേൾഡ് മലയാളി കൗൺസിൽ അംഗങ്ങൾ കുടുംബസമേതം പങ്കെടുത്തു.

പാചക എണ്ണയുടെ വില വർദ്ധന നിയന്ത്രിക്കണം: ബേക്ക്

തൃശൂർ: ഇറക്കുമതി ചെയ്യുന്ന അസംസ്കൃത പാംഓയിലിന്റെയും സൂര്യകാന്തി എണ്ണയുടെയും കസ്റ്റംസ് തീരുവ 22 ശതമാനമായി വർദ്ധിപ്പിച്ചത് ബേക്കറി ഉൾപ്പെടുന്ന ഭക്ഷ്യമേഖലയെ ദോഷമായി ബാധിക്കുമെന്ന് ബേക്കേഴ്സ് അസോസിയേഷൻ കേരള (ബേക്ക്). റിഫൈൻഡ് ഓയിലുകൾക്ക് നേരത്തെ 5.5 ശതമാനം ആയിരുന്ന ഇറക്കുമതി തിരുവയാണ് കാർഷിക സെസും സാമൂഹ്യക്ഷേമ സർചാർജും സഹിതം 27.5 ശതമാനമായി വർദ്ധിപ്പിച്ചത്.

അതേപോലെ അൺ റിഫൈൻഡ് ഓയിലുകൾക്ക് ഇറക്കുമതി തീരുവ 12.05 ശതമാനത്തിൽ നിന്ന് 37.05 ശതമാനമായും ഉയർത്തിയിട്ടുണ്ട്. നികുതി വർദ്ധനവ് ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനവിന് കാരണമാകും. കർഷകരെ സംരക്ഷിക്കാൻ എന്ന പേരിൽ കൊണ്ടുവന്ന നികുതി പരിഷ്കാരത്തിൽ നേരിട്ട് ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരിക സാധാരണ ജനങ്ങളാണ്. അതിനാൽ വില നിയന്ത്രണത്തിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബേക്ക് സംസ്ഥാന പ്രസിഡന്റ് കിരൺ എസ്.പാലക്കൽ, ജനറൽ സെക്രട്ടറി ബിജു പ്രേംശങ്കർ എന്നിവർ പറഞ്ഞു.

സെപ്തംബർ 14നാണ് നികുതി വർദ്ധന നിലവിൽ വന്നത്. പിന്നാലെ പല കമ്പനികളും നിരക്കുകൾ വർദ്ധിപ്പിച്ചു. ഒന്നര മാസത്തേക്കുള്ള അസംസ്കൃത എണ്ണ, കമ്പനികൾ നേരത്തെ ഇറക്കുമതി ചെയ്തിരുന്നു. നികുതി വർദ്ധിപ്പിച്ചതോടെ ഈ സ്റ്റോക്കുകളും വർദ്ധിപ്പിച്ച വിലയിലാണ് വിൽക്കുന്നത്. പഴയ സ്റ്റോക്കുകൾ വിൽക്കുമ്പോൾ നികുതി വർദ്ധനവിന് മുൻപുള്ള വില ഈടാക്കണമെന്ന് കേരളത്തിലെ എണ്ണക്കമ്പനികളോട് അസോസിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ബേക്കറി, ലഘുഭക്ഷണ വ്യവസായങ്ങളുടെ പ്രധാന ചേരുവകളിൽ ഒന്നാണ് എണ്ണ. മാത്രമല്ല പാചകത്തിന് എണ്ണ അധികം ഉപയോഗിക്കുന്നവരാണ് മലയാളികളും. അടിക്കടിയുള്ള നികുതി വർധനവ് ഭക്ഷ്യമേഖലയെ പോലെ സാധാരണ ജനങ്ങളേയും പ്രതിസന്ധിയിലാക്കും. ഇതുമൂലം ഉണ്ടായേക്കാവുന്ന വിലവർധനവ് നിയന്ത്രിക്കാൻ എണ്ണയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുകയാണ് മാർഗം. മാത്രമല്ല നികുതി വർദ്ധനവിന്റെ മറവിൽ അമിത വില ഈടാക്കുന്ന പ്രവണത തടയേണ്ടതുണ്ട്. ഇക്കാര്യങ്ങളൊക്കെ ചൂണ്ടിക്കാട്ടി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമന് അസോസിയേഷൻ നിവേദനം നൽകിയതായും ഭാരവാഹികൾ അറിയിച്ചു.

പത്രസമ്മേളനത്തിൽ ബേക്ക് വൈസ് പ്രസിഡന്റ് പി.എം. ഇബ്രാഹിം, ട്രഷറർ സി.പി. പ്രേംരാജ്, സംസ്ഥാന ഓർഗനൈസിങ് സെക്രട്ടറി അഷറഫ് നല്ലളം എന്നിവരും പങ്കെടുത്തു.



പുതുക്കാട് ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിലെ ഹോളിഡേ പാർക്കിന് മുൻവശത്തെ ഹൈവേ റോഡ് കാടുപിടിച്ച് കുണ്ടും കുഴിയുമായി കിടക്കുന്നത് വാർഡ് മെമ്പറും, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായ സെബി കൊടിയൻ ഹിറ്റാച്ചി ഉപയോഗിച്ച് വൃത്തിയാക്കുന്നു.

പി.ജി സീറ്റൊഴിവ്

തൃശൂർ: പട്ടാമ്പി ശ്രീ നീലകണ്ഠ ഗവ. സംസ്കൃത കോളജിലെ 2024-25 അധ്യയന വർഷത്തേക്കുള്ള ഒന്നാം വർഷ പി.ജി കോഴ്സിൽ വിവിധ വിഭാഗങ്ങളിൽ സീറ്റൊഴിവുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം സെപ്റ്റംബർ 26ന് ഉച്ചയ്ക്ക് രണ്ടിന് മുൻപായി കോള